KOLLAM RURAL
കൊല്ലം റൂറൽ പോലീസ്

**പോലീസ് സ്റ്റേഷൻ: കൊട്ടാരക്കര** **തീയതി : 24.09.2022**

# കൊലപാതക കേസിലെ പ്രതി കാപ്പ നിയമ പ്രകാരം അറസ്റ്റിൽ

കൊട്ടാരക്കര : കൊലപാതകം ഉൾപ്പെടെ പത്തോളം ക്രിമിനൽ കേസുകളിൽ പ്രതിയായ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ വിളക്കുടി വില്ലേജിൽ വിളക്കുടി മുറിയിൽ റാഫ മൻസിൽ നിന്നും കൊട്ടാരക്കര മാർക്കറ്റ് ജംഗ്ഷന് സമീപം സുബൈറിന്റെ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന ഹബീബ് കുട്ടി മകൻ 36 വയസുള്ള സിദ്ദിഖിനെ കാപ്പ നിയമ പ്രകാരം കൊട്ടാരക്കര പോലീസ് അറസ്റ്റ് ചെയ്തു. ബഹു. കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ കെ.ബി രവി ഐ.പി.എസ് ന്റെ റിപ്പോർട്ടിന്മേൽ ബഹു: കൊല്ലം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം 22.09.2022 തീയതി കാപ്പ നിയമ പ്രകാരം കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ പ്രശാന്ത്.വി.എസിന്റെ നേതൃത്വത്തിൽ എസ്.ഐ ദീപു. കെ.എസ്, എസ്.ഐ ശ്രീകുമാർ, സി.പി.ഒ സഹിൽ, സി.പി.ഒ ജയേഷ് എന്നിവർ ചേർന്ന് അറസ്റ്റ് ചെയ്യുകയായിരുന്നു. 2021 ഒക്ടോബർ 21 ന് കൊട്ടാരക്കര വിജയാ ആശുപത്രിയിൽ ആംബുലൻസ് ഡ്രൈവർമാർ തമ്മിലുണ്ടായ സംഘർഷത്തിൽ 29 വയസ്സുള്ള രാഹുൽ എന്നയാളെ കൊലപ്പെടുത്തിയ കേസിലും, 24 ജനുവരി 2017 ന് കൊട്ടാരക്കര മാർക്കറ്റ് ജംഗ്ഷനിൽ ചായക്കടയിൽ കയറി സ്ത്രീകളെയും മറ്റും അതിക്രമിച്ച കേസിലും, 2018 ഓഗസ്റ്റ് മാസം 10 ാം തീയതി കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ബസ്റ്റാൻറിന് സമീപമുള്ള തട്ടുകടയിൽ വച്ചുനടന്ന അടിപിടി കേസിലും, 2018 ഒക്ടോബർ മാസം 9 ാം തീയതി കിഴക്കേക്കര മാർത്തോമാ പള്ളിക്ക് സമീപത്തുവച്ച് വേണുപിള്ള എന്നയാളെ ദേഹോപദ്രവം ഏൽപ്പിച്ച കേസിലും, 2018 നവംബർ പതിനെട്ടാം തീയതി കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് മുൻവശം വെച്ച് ആശുപത്രിയിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തിയ കേസിലും, 2018 ഡിസംബർ പതിനൊന്നാം തീയതി മേലില മയിലാടുംപാറ എന്ന സ്ഥലത്ത്



മാരകായുധങ്ങളുമായി വീട്ടിൽ കയറി ദേഹോപദ്രവം ഏൽപ്പിച്ചതിലേക്ക് കുന്നിക്കോട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലും, 2020 ഡിസംബർ 28 ന് കൊട്ടാരക്കര അമ്പലക്കര ബാറിൽ വെച്ച് അനിൽ എന്നയാളെ അസഭ്യം വിളിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത കേസിലും, 2021 ജൂലൈ ഒന്നാം തീയതി അഖിൽ ശശി എന്നയാളുടെ കാർ വാങ്ങിക്കൊണ്ടുപോയിട്ട് സി.സി അടയ്ക്കാതെയും പണം നൽകാതെയും പരാതിക്കാരന് സാമ്പത്തിക നഷ്ടം വരുത്തിയ കേസിലും സിദ്ധിക്ക് പ്രതിയാണ്. ടിയാൻ പ്രതിയായ കൊട്ടാരക്കര വിജയാ ആശുപത്രിയിലെ കൊലപാതക കേസിൽ എതിർ ചേരിയിൽപ്പെട്ട കുന്നിക്കോട് സ്വദേശികളായ വിഷ്ണു, ശിവൻ എന്നിവർ നിലവിൽ ഗുണ്ടാ ആക്ട് പ്രകാരം ജയിലിലാണ്. ജില്ലയിൽ ഗുണ്ടാ കേസിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചു വരികയാണ്. കഞ്ചാവ്, മയക്കുമരുന്ന്, കൊട്ടേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്ന ക്രിമിനലുകൾക്കെതിരെ തുടർന്നും ശക്തമായ നിയമ നടപടികൾ കൈക്കൊള്ളുമെന്ന് കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി കെ.ബി രവി ഐ.പി.എസ് അറിയിച്ചു.